# അദ്ധ്യായം 5

# ജനാധികാരത്തിനുള്ള പോരാട്ടത്തിന്റെ നാൾവഴികൾ

ഒരു ജനാധിപത്യസമൂഹത്തിൽ വ്യക്തികൾ അനുഭവിക്കുന്ന വ്യക്തിഗതപ്രശ്നങ്ങൾക്കും സാമൂഹികമായ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നിയമവിധേയമായ നിരവധി മാർഗ്ഗങ്ങളുണ്ട്. ബന്ധപ്പെട്ട അധികാരികൾക്ക് പരാതി സമർപ്പിച്ച് പരിഹാരം തേടാം. ജനപ്രതിനിധികൾ വഴി പ്രശ്നപരിഹാരത്തിന് ശ്രമിക്കാം. സംഘടകൾ വഴി ശ്രമിക്കാം. ഇതിനൊക്കെ പുറമെ നിയമവിധേയമായ സമരമാർഗ്ഗങ്ങളുമുണ്ട്. പലപ്പോഴും മേല്പറഞ്ഞ മാർഗ്ഗങ്ങളിലൂടെ ഗുണഫലം കിട്ടാതെവരുമ്പോൾ ആശ്രയിക്കാവുന്ന കരുത്തുറ്റ വേദിയാണ് കോടതി. ഒരു കോടതിയിൽ ന്യായമായ പ്രശ്നത്തിന് ഉചിതമായ പരിഹാരം ലഭിച്ചില്ലെങ്കിൽ അതിനു മുകളിലുള്ള കോടതിയിൽ അപ്പീൽ നല്കാം. സുപ്രീം കോടതിവരെ പോകാൻ വ്യക്തികൾക്ക് അവകാശമുണ്ട്.

തൊഴിൽ എന്ന നിലയിൽ അഭിഭാഷകവൃത്തിയാണ് ഞാൻ തെരഞ്ഞെടുത്തത്. പ്രശ്നപരിഹാരത്തിനുള്ള കോടതിയുടെ കരുത്തിനെക്കുറിച്ച് ഉത്തമബോദ്ധ്യം എനിക്കുണ്ട്. അതിനാൽ എന്റെ വക്കീൽ ജീവിതത്തിന്റെ തുടക്കം മുതൽ വിവിധങ്ങളായ പൊതുപ്രശ്നങ്ങൾക്ക് പരിഹാരംതേടി നിരവധി ഹരജികൾ സമർപ്പിച്ച് അനുകൂലമായ വിധി നേടാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഇത് വ്യക്തി

പരമായ എന്റെ വിജയം എന്ന നിലയിലല്ല ഞാൻ കാണുന്നത്. സാമൂഹികമായ ഉത്തരവാദിത്തമുള്ള പൗരൻ എന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്തം ഞാൻ നിർവ്വഹിക്കുകയാണ്. മാഹി കോടതിയിൽ എന്റെ സഹപ്രവർത്തകനായ അഡ്വ. കെ. എം. രാധാകൃഷ്ണൻ ഈ മാർഗ്ഗത്തിലൂടെ കേരളം മുഴുവൻ ശ്രദ്ധിച്ച ഒരു ഉത്തരവ് മുമ്പ് സുപ്രീം കോടതിയിൽനിന്ന് നേടിയിട്ടുണ്ട്. റോഡിലൂടെ വാഹനങ്ങളുടെ മരണപ്പാച്ചിൽ മനുഷ്യരുടെ മരണത്തിനും അംഗഭംഗത്തിനും ഇടയാക്കുന്നു. വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ ഭയപ്പെട്ടിരിക്കുന്നു. ഈ പ്രശ്നം വേഗപ്പൂട്ട് അഥവാ സ്പീഡ് ഗവർണ്ണർ സ്ഥാപിച്ച് തടയണമെന്നായിരുന്നു അഡ്വ. രാധാകൃഷ്ണന്റെ ഹരജി. അതിന്റെ ഗുണഫലം ഇന്നും നമുക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ട്.

സ്വതന്ത്രമയ്യഴിയിൽ നാല് തവണ മാത്രമേ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളൂ. 1955, 1961, 1968, 2006 എന്നീ വർഷങ്ങളിലാണ് ആ തെരഞ്ഞെടുപ്പുകൾ നടന്നത്. 1974 ജനവരി 26-നാണ് പോണ്ടിച്ചേരി മുനിസിപ്പാലിറ്റി ആക്ട് നിലവിൽവരുന്നത്. അതിനുമുമ്പ് മേയറുടെയും കൗൺസിലിന്റെയും കാലാവധി ആറ് വർഷമായിരുന്നു. ആക്ട് നിലവിൽ വന്നതോടെ ഫ്രഞ്ചുഭരണകാലത്തെ മേയർ പദവി മുനിസിപ്പൽ ചെയർമാൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 1955-ൽ തെരഞ്ഞെടുക്കപ്പെട്ട അഡ്വ. വളവിൽ കേശവൻ ആയിരുന്നു സ്വതന്ത്രമയ്യഴിയിലെ ആദ്യത്തെ മേയർ. 1961-ലും 1968-ലും വി. എൻ. പുരുഷോത്തമൻ മേയറായി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് മുനിസിപ്പൽ ആക്ട് നിലവിൽ വന്ന് മേയർപദവി പുനർനാമകരണം ചെയ്യപ്പെട്ടത്. അങ്ങനെ, അദ്ദേഹം മയ്യഴിയിലെ അവസാനത്തെ മേയറും ആദ്യത്തെ മുനിസിപ്പൽ ചെയർമാനുമായി.

1968-ലെ മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി 1974-ൽ അവസാനിക്കേണ്ടതായിരുന്നു. പക്ഷെ, മുനിസിപ്പൽ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനായി കൗൺസിലിന്റെ കാലാവധി നീട്ടിക്കൊടുത്തു. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതോടെ കൗൺസിൽ കാലാവധി കഴിഞ്ഞിട്ടും തുടരാൻ ബാദ്ധ്യസ്ഥമായി. ആ കൗൺസിൽ 1978 മാർച്ച് 31-വരെ അധികാരത്തിൽ തുടർന്നു. രണ്ടാമത്തെയും മൂന്നാമത്തെയും തെരഞ്ഞെടുപ്പുകൾക്കിടയിൽ മുപ്പത്തിയെട്ട് വർഷത്തെ ഇടവേളയുണ്ടെന്ന് കാണാം. 1968-ലെ മുനിസിപ്പൽ കൗൺസി

ലിന്റെ കാലാവധി കഴിഞ്ഞതിനുശേഷം പുതിയ കൗൺസിലിനെ തെരഞ്ഞെടുക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി പ്രക്ഷോഭങ്ങൾ നടന്നിരുന്നു. ഈ സമരത്തിന്റെ ഒരു ഘട്ടത്തിൽ മുൻ കേരള മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ നേതൃത്വം നല്കിയിരുന്നു. സി. പി. ഐ (എം.)-ന്റെ പാർലമെന്റ് അംഗമായിരുന്ന എ. പി. അബ്ദുള്ളക്കുട്ടി ഈ വിഷയം ലോക്സഭയിൽ ഉന്നയിച്ചിരുന്നു. 1996-ൽ മയ്യഴി മുനിസിപ്പാലിറ്റിയുടെ മുൻ കമ്മീഷണർ ടി. വി. ഗംഗാധരനും പിന്നീട് സി. പി. ഐ (എം.) പുതുച്ചേരി സംസ്ഥാന സെക്രട്ടറി പെരുമാളും മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ട് മദിരാശി ഹൈക്കോടതിയിൽ പൊതുതാല്പര്യഹരജി ഫയൽ ചെയ്തിരുന്നു. ഈ സമയത്ത് ഇതേ വിഷയത്തിലുള്ള വേറൊരു കേസിൽ ഹൈക്കോടതി തെരഞ്ഞെടുപ്പ് നടത്താൻ ഉത്തരവിട്ടിരുന്നു. ആ സാഹചര്യത്തിൽ, സർക്കാർ തെരഞ്ഞെടുപ്പ് നടത്തുമെന്ന വിശ്വാസത്തിൽ ടി. വി. ഗംഗാധരന്റെ കേസ് ഹൈക്കോടതി തള്ളി. ഇത്തരം സമരങ്ങളും പ്രതിഷേധങ്ങളും ഇടപെടലുകളും അവഗണിച്ച് തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതിന് മുട്ടാപ്പോക്ക് ന്യായങ്ങൾ പറയുകയാണ് മാറി മാറി വന്ന സർക്കാരുകൾ ചെയ്തത്.

നിയമവ്യവസ്ഥയെ നിരുത്തരവാദപരമായും നിഷേധാത്മകമായും കാണുന്ന സർക്കാർ നിലപാടുകളെ ചെറുക്കാൻ കോടതിയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാതായി. ഈ സാഹചര്യത്തിലാണ് എനിക്ക് മദ്രാസ് ഹൈക്കോടതിയെ സമീപിക്കേണ്ടിവന്നത്. അവിടെ സമർപ്പിച്ച പൊതുതാല്പര്യഹരജിയിൽ 2005 ഡിസംബർ 5-ന് വന്ന ഉത്തരവാണ് 2006-ലെ തെരഞ്ഞെടുപ്പിന് വഴിയൊരുക്കിയത്. ഇവിടെ ഓർമ്മിക്കേണ്ട ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം മയ്യഴിയിൽ തെരഞ്ഞെടുപ്പ് നടത്തരുത് എന്ന് ആവശ്യപ്പെട്ട് മയ്യഴിയിൽനിന്ന് ഒരാൾ ഹൈക്കോടതിയെ സമീപിച്ചു. ഇവിടെ വെള്ളപ്പൊക്കമാണെന്നാണ് അയാൾ കോടതിയോട് പറഞ്ഞത്. കേരളത്തിൽ മഴക്കാലമാണ്. പക്ഷെ, മയ്യഴിയിൽ ഒരു രീതിയിലുള്ള പ്രശ്നവുമുണ്ടായിരുന്നില്ല. ഹരജിക്കാരന്റെ പേര് ഞാനിവിടെ എടുത്തുപറയുന്നില്ല.

മേല്പറഞ്ഞ ഉത്തരവുപ്രകാരം ആറുമാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്ന് സർക്കാരിനോട് ഹൈക്കോടതി നിർദ്ദേശിച്ചു. 2006 ജൂണിൽ പുതുച്ചേരി സംസ്ഥാനത്ത് ദീർഘമായ ഇടവേളയ്ക്കുശേഷം മുനിസിപ്പാലിറ്റി ഭരണസമിതിയെ തെരഞ്ഞെടുത്തു.

മയ്യഴിയിൽ, ചെയർമാൻ സ്ഥാനത്തേക്ക് മത്സരിച്ചത് കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി ഇപ്പോഴത്തെ എം. എൽ. എ. രമേഷ് പറമ്പത്തും സി. പി. ഐ. (എം.) സ്ഥാനാർത്ഥിയായി ഞാനുമായിരുന്നു. പതിനഞ്ച് വാർഡ് മെമ്പർമാരെയാണ് തെരഞ്ഞെടുത്തത്. പി. പി. വിനോദൻ വൈസ് ചെയർമാനും വടക്കൻ ജനാർദ്ദനൻ പ്രതിപക്ഷനേതാവുമായിരുന്നു.

മയ്യഴിയിലെ ജനങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നം മാത്രമല്ല, വികസനപ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം ഉൾപ്പെടെ നഷ്ടപ്പെടുന്ന പ്രശ്നം എന്ന നിലയിൽ ഈ വിഷയത്തെ കാണുകയും എന്നെ നിരന്തരം പ്രേരിപ്പിക്കുകയും ചെയ്ത രണ്ട് സുഹൃത്തുക്കളെ ഇവിടെ പരാമർശിക്കാതിരിക്കാൻ സാധിക്കില്ല. മുനിസിപ്പാലിറ്റി ഓഫീസ് ജീവനക്കാരനായ ഒ. പി. ചന്ദ്രനാണ് ഒരാൾ. ചന്ദ്രൻ ഇപ്പോൾ നമ്മളോടൊപ്പമില്ല. മറ്റൊരാൾ, പരിസ്ഥിതിപ്രവർത്തകനും മുനിസിപ്പാലിറ്റി ജീവനക്കാരനുമായ പുഷ്പരാജാണ്.

കേരളത്തിൽനിന്ന് വ്യത്യസ്തമായി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഒരു സമ്മതിദായകന് രണ്ട് വോട്ടുകളാണ് ഉള്ളത്. ഒന്ന് വാർഡ് കൗൺസിലറെ തെരഞ്ഞെടുക്കാനും രണ്ടാമത്തേത് ചെയർമാനെ തെരഞ്ഞെടുക്കാനും. തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരാണ് വൈസ് ചെയർമാനെ തെരഞ്ഞെടുക്കുക. ചെയർമാനെ പുറത്താക്കുവാൻ കൗൺസിലർമാർക്ക് അധികാരമില്ല. പുതുച്ചേരി അസംബ്ലിക്കാണ് ചെയർമാനെ പുറത്താക്കാനുള്ള അധികാരം. കൗൺസിലറായി മത്സരിക്കുന്ന ഒരാൾക്ക് രണ്ട് വാർഡുകളിൽ ഒരേ സമയം സ്ഥാനാർത്ഥിയാകാം. പക്ഷെ, ചെയർമാനായി മത്സരിക്കുന്നയാൾക്ക് വാർഡിൽ മത്സരിക്കാനാവില്ല. മാഹി മുനിസിപ്പൽ കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുപുറമെ മാഹിയിലെ എം. എൽ. എയും പുതുച്ചേരിയിൽ നിന്നുള്ള ലോക്സഭാംഗവും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വ്യക്തികളും അംഗങ്ങളായിരിക്കും. അസംബ്ലിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ കേസിൽ, അവർക്ക് വോട്ടവകാശം ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള അവകാശങ്ങൾ ഉണ്ടെന്ന് സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ഈ വിധി, ഭാവിയിൽ മുനിസിപ്പാലിറ്റികളിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാര്യത്തിലും ബാധകമായി വരാം. രാജ്യസഭാംഗം അവർ

വോട്ടറായ മുനിസിപ്പാലിറ്റിയിൽ അംഗമായിരിക്കും.

പുതുച്ചേരിയിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിയും ചെയർമാനും അധികാരമേറ്റവെങ്കിലും അവർക്ക് ഭരണഘടനാപരമായ അധികാരങ്ങൾ കൈമാറാൻ പുതുച്ചേരി സർക്കാർ വിസമ്മതിച്ചു. 1973-ലെ പുതുച്ചേരി മുനിസിപ്പൽ ആക്ടാണ് സംസ്ഥാനത്തെ മുനിസിപ്പൽ ഭരണത്തിന്റെ അടിസ്ഥാനം. പഴയ ഫ്രഞ്ച് ഡിക്രിയെ മാറ്റിക്കൊണ്ടാണ് 1973-ലെ ആക്ട് നിലവിൽവന്നത്. ഇത്, 1992-ലെ 74ാം ഭരണഘടനാഭേദഗതിയുമായി ചേർന്നാണ് പ്രവർത്തിക്കുക. 74ാം ഭരണഘടനാഭേദഗതിക്കുശേഷം നേരത്തെ നിലവിൽവന്ന ആക്ടിന്റെ 512-A സെക്ഷനിൽ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ പതിനെട്ട് വിഷയങ്ങൾ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അവ ചുവടെ പറയുന്നവയാണ്:

1. ടൗൺ ഉൾപ്പെടെയുള്ള നഗരാസൂത്രണം
2. ഭൂവിനിയോഗവും കെട്ടിടനിർമ്മാണവും
3. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന്റെ ആസൂത്രണം
4. റോഡുകളും പാലങ്ങളും
5. ഗാർഹികം, വ്യാവസായികം, വാണിജ്യം എന്നിവയ്ക്കായി ജലവിതരണം
6. പൊതുജനാരോഗ്യം, ശുചിത്വപരിപാലനം, മാലിന്യനിർമ്മാർജ്ജനം
7. അഗ്നിശമനം
8. നഗരവനവത്കരണം. പരിസ്ഥിതിസംരക്ഷണം, പാരിസ്ഥിതികാവബോധത്തിന്റെ പ്രചാരണം
9. അംഗവൈകല്യമുള്ളവരും മാനസികോരോഗ്യപ്രശ്നമുള്ളവരും ഉൾപ്പെടെ ദുർബ്ബലവിഭാഗത്തിന്റെ സംരക്ഷണം
10. ചേരിനിർമ്മാർജ്ജനവും മെച്ചപ്പെടുത്തലും
11. നഗരദാരിദ്ര്യനിർമ്മാർജ്ജനം

12. പാർക്ക്, കളിസ്ഥലങ്ങൾ ഉൾപ്പെടെ നഗരജീവിതത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക

13. സാംസ്കാരികവും വിദ്യാഭ്യാസപരവും കലാപരവുമായ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം

14. ശവസംസ്കാരം, ശ്മശാനങ്ങൾ, വൈദ്യുതിശ്മശാനങ്ങൾ

15. കാലിത്തൊഴുത്തുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയുക

16. ജനന-മരണ റജിസ്ട്രേഷൻ ഉൾപ്പെടെ അടിസ്ഥാനപരമായ സ്ഥിതിവിവരങ്ങളുടെ സമാഹരണം

17. തെരുവുവിളക്കുകൾ, വാഹനങ്ങളുടെ പാർക്കിംഗ്, ബസ് സ്റ്റോപ്പുകൾ തുടങ്ങിയ പൊതുജീവിതസൗകര്യങ്ങൾ

18. അറവുശാലകളുടെയും തുകൽനിർമ്മാണത്തിന്റെയും നിയന്ത്രണം

1991-ലെ പഞ്ചായത്തീരാജ് ബില്ലിൽ ഭരണഘടനയുടെ 2043, 2044 വകുപ്പുകൾ പ്രകാരം ഓരോ അഞ്ച് വർഷത്തിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തണമെന്ന് വ്യവസ്ഥചെയ്യപ്പെട്ടിട്ടുണ്ട്. അതിനുശേഷം മിക്ക സംസ്ഥാനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തിവരുന്നുണ്ട്. തെരഞ്ഞെടുപ്പ് നടത്താത്ത സംസ്ഥാനങ്ങളുടെ കേന്ദ്രവിഹിതത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം വെട്ടിക്കുറക്കുമെന്ന് 1994-ൽ നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ വ്യവസ്ഥചെയ്തു. ബിഹാർ, ജമ്മു-കാശ്മീർ തുടങ്ങിയ സംസ്ഥാനങ്ങൾ കേന്ദ്രവിഹിതത്തിലെ വെട്ടിക്കുറക്കൽ ഒഴിവാക്കാനായി തെരഞ്ഞെടുപ്പ് നടത്തി. പുതുച്ചേരി സംസ്ഥാനം ഈ മാർഗ്ഗം പിന്തുടർന്നില്ല എന്നതിനാൽ വികസനത്തിനായി ഉപോയഗിക്കേണ്ട കേന്ദ്രവിഹിതത്തിൽ അയ്യായിരം കോടി രൂപയാണ് ഇത്രയും കാലത്തിനകം നഷ്ടപ്പെടുത്തിയത്. കൂട്ടത്തിൽ പറയട്ടെ, രാഹുൽഗാന്ധിയെ വിമർശിക്കാൻ പോണ്ടിച്ചേരിയിലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുവിഷയം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉപയോഗിച്ചിട്ടുണ്ട്. ജനാധിപത്യത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന രാഹുൽ ഗാന്ധി കോൺഗ്രസ്സ് ഭരിക്കുന്ന പോണ്ടിച്ചേരിയിൽ തദ്ദേശ തെരഞ്ഞെടുപ്പ് നടത്തി വന്നിട്ടുവേണം സംസാരിക്കാൻ എന്നായിരുന്നു

മോദി പറഞ്ഞത്.

പുതുച്ചേരിയിൽ അഞ്ച് മുനിസിപ്പാലിറ്റികളും[1] പത്ത് കമ്യൂൺ പഞ്ചായത്തും തൊണ്ണൂറ്റിയെട്ട് വില്ലേജ് പഞ്ചായത്തുമാണുള്ളത്. മുനിസിപ്പാലിറ്റികളിൽ മൊത്തം 116 കൗൺസിലർമാർ, കൊമ്യൂൺ പഞ്ചായത്തിൽ 108 അംഗങ്ങൾ, പഞ്ചായത്തുകളിൽ 812 മെമ്പർമാർ. ഇത്രയും ജനപ്രതിനിധികളാണ് തെരഞ്ഞെടുക്കപ്പെടുക.

2006-ൽ തെരഞ്ഞെടുക്കപ്പെട്ട ഈ ത്രിതല പഞ്ചായത്ത് സമിതികളുടെ കാലാവധി 2011 ജൂലായ് 13-ന് അവസാനിച്ചു. സ്വാഭാവികമായും പുതിയ കൗൺസിലിനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. 2011-ൽ തെരഞ്ഞെടുപ്പ് നടക്കാത്തതിനാൽ പെരുമാൾ പൊതുതാല്പര്യഹരജി ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും ആറ് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്ന വിധി നേടുകയും ചെയ്തു. പക്ഷെ, വാർഡ് പുനർനിർണ്ണയം നടത്തിയില്ലെന്ന് ആരോപിച്ച് പുതുച്ചേരിയിലെ ഒരു മുനിസിപ്പൽ കൗസിലറായ ജെ. അനന്തലക്ഷ്മി ഒരു പൊതുതാല്പര്യഹരജി മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തു. 1991-ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ് 1995-ൽ വാർഡ് വിഭജനം നടത്തിയതെന്നും ഇപ്പോൾ ജനസംഖ്യ ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും ഇത് പരിഗണിച്ച് വാർഡ് പുനർനിർണ്ണയം ചെയ്യണമെന്നുമായിരുന്നു ഹരജിയിലെ വാദം. 2011-ലെ സെൻസസ് പ്രകാരം വാർഡ് പുനർനിർണ്ണയം നടത്തി ആറ് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്താൻ കോടതി ഉത്തരവിട്ടു. ഈ വിധിക്കെതിരെ സമയം ആവശ്യപ്പെട്ട് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു. കേസ് അനന്തമായി നീണ്ടുപോയി. ഈ സാഹചര്യത്തിൽ, 2017-ൽ കേസിൽ കക്ഷിചേരാനായി ഞാൻ ഹരജി നല്കി. 2018 മെയ് 8-ന് കേസിൽ വിധി വന്നു.

ആറ് മാസത്തിനകം വാർഡ് പുനർനിർണ്ണയം പൂർത്തിയാക്കാനും അത് പൂർത്തിയായ ഉടനെ തെരഞ്ഞെടുപ്പ് നടത്താനുമായിരുന്നു സുപ്രീംകോടതി വിധി. എങ്കിലും, ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളൊന്നും സർക്കാർ സ്വീകരിച്ചില്ല. സംസ്ഥാന തെരഞ്ഞെടുപ്പ

[1] പുതുച്ചേരി, ഒഴുകരെ, കാരിക്കാൽ, മാഹി, യാനം

കമ്മീഷണർ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. തെരഞ്ഞെടുപ്പ് നടപടികൾ നടത്തേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷണ റാണ്. കമ്മീഷണർ ഇല്ലാതെ എങ്ങനെ തെരഞ്ഞെടുപ്പ് നടക്കും? 2020-വരെ കമ്മീഷണറെ നിയമിക്കാതെ സർക്കാർ പ്രശ്നം നീട്ടി ക്കൊണ്ടുപോയി. ഇതിനകം വാർഡ് പുനർനിർണ്ണയം സർക്കാർ പൂർത്തിയാക്കിയിരുന്നു. എങ്കിലും അത് ഒരു ഉത്തരവായി പുറത്തിറ ക്കിയില്ല. സുപ്രീംകോടതി വിധി നടപ്പാക്കാതിരിക്കുന്നതിനെതിരെ കോടതി അലക്ഷ്യ ഹരജി ഫയൽ ചെയ്യുമെന്ന് സർക്കാരിന് നോട്ടീസ് അയച്ചതിന്റെ ഫലമായി ആ വർഷം അവസാനം റോയി പി. തോമസിനെ സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷണറായി സർക്കാർ നിയമിച്ചു. തടസ്സങ്ങളെല്ലാം നീങ്ങിയിട്ടും സർക്കാർ തെരഞ്ഞെടുപ്പ് നടത്തിയില്ല. ഇതിന്റെ ഉത്തരവാദിത്തം സ്വാഭാവി കമായും വരിക സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർക്കാണ്. 2021-ൽ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർക്കെതിരെ കോടതി അലക്ഷ്യ ഹരജി സുപ്രീംകോടതിയിൽ സമർപ്പിച്ചു. രണ്ട് മാസത്തിനകം വാർഡ് പുനർവിഭജനം നടത്താനും ആറ് മാസത്തി നുള്ളിൽ തെരഞ്ഞെടുപ്പ് നടത്താനും 2021 ഏപ്രിൽ 5-ന് കോടതി തെരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നല്കി.

വാർഡ് പുനർനിർണ്ണയം ചെയ്ത് വിജ്ഞാപനം ജൂൺ 4-ന് പുറത്തിറക്കി. സപ്തംബർ 21-ന് തെരഞ്ഞെടുപ്പ് നടത്താനുള്ള പ്രഖ്യാപനവുമുണ്ടായി. ഈ പ്രഖ്യാപനത്തിൽ പട്ടികജാതി, പിന്നോക്കവിഭാഗം, സ്ത്രീകൾ എന്നിവർക്ക് സീറ്റ് സംവരണം ചെയ്തിരുന്നു. 2019-ൽ സർക്കാർ പുറപ്പെടുവിച്ച രണ്ട് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംവരണം ഏർപ്പെടുത്തിയത്. ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിനും മറ്റൊരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിന്നോക്കവർഗ്ഗക്കാർക്കും സംവരണം ഏർപ്പെടുത്തി. ഭരണഘടന അനുസരിച്ച് പട്ടികവർഗ്ഗം, പട്ടികജാതി, സ്ത്രീകൾ എന്നിവർക്കു മാത്രമേ തെരഞ്ഞെടുപ്പിൽ സീറ്റ് സംവരണത്തിന് വ്യവസ്ഥയുള്ളൂ. എന്നാൽ സംസ്ഥാനങ്ങൾ ക്ക് വിവേചനാധികാരം ഉപയോഗിച്ച് പിന്നോക്കവിഭാഗത്തിന് സംവരണം ഏർപ്പെടുത്താവുന്നതാണ്.

2011-ലെ സെൻസസാണ് ഈ തെരഞ്ഞെടുപ്പ് പ്രഖ്യാ പനത്തിന്റെ അടിസ്ഥാനം. ഇരുളർ എന്ന സമുദായമാണ് പോണ്ടിച്ചേരിയിൽ പട്ടികവർഗ്ഗമായി ഉള്ളത്. ഈ സമുദായത്തെ

2016-ലെ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗമായി പരിഗണിക്കാൻ തുടങ്ങിയത്. സെൻസസ് സമയത്ത് പട്ടികവിഭാഗമല്ലാതിരുന്ന ഇരുളർക്ക് തെരഞ്ഞെടുപ്പ് ഉത്തരവിൽ സംവരണം നല്കിയിരുന്നില്ല. പിന്നോക്കവിഭാഗക്കാർക്ക് നല്കിയ സംവരണം അവരുടെ വാർഡുകളിലെ ജനസംഖ്യയ്ക്ക് ആനുപാതികമായല്ല എന്ന പ്രശ്നം ഉന്നയിച്ച് ജെ. പ്രകാശ്കുമാർ എം. എൽ. എ മദ്രാസ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പട്ടികവർഗ്ഗമായ ഇരുളർക്ക് സംവരണം നല്കിയില്ല എന്ന പ്രശ്നം ഉന്നയിച്ച് എൻ. പെരിയണ്ണൻ എന്നൊരാളും കേസ് ഫയൽ ചെയ്തു. ഇതിനകം ആരംഭിച്ച തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നോമിനേഷൻ സ്വീകരിക്കുന്നത് നിർത്തിവെക്കാൻ അതോടെ കോടതി ഉത്തരവിട്ടു.

സർക്കാരിന്റെയും ഇലക്ഷൻ കമ്മീഷന്റെയും എതിർവാദം ഇങ്ങനെയായിരുന്നു: 2016-ൽ വന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇരുളർ പട്ടികവർഗ്ഗമായത്. 2011-ലെ സെൻസസ് സമയത്ത് അവർ പട്ടികവർഗ്ഗമായിരുന്നില്ല. പിന്നോക്കവിഭാഗത്തിനുള്ള സംവരണം ഭരണഘടനാപരമായ ഉത്തരവാദിത്തമല്ല. സംസ്ഥാനത്തിന്റെ വിവേചനാധികാരം പ്രയോഗിച്ചാണ് അത് ഏർപ്പെടുത്തിയത്. ഈ സംവരണങ്ങൾക്ക് അടിസ്ഥാനം സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളാണ്. പ്രശ്നപരിഹാരത്തിനായി മേല്പറഞ്ഞ സർക്കാർ ഉത്തരവുകൾ പിൻവലിക്കാൻ തയ്യാറാണ്.

കോടതിയുടെ സമ്മതത്തോടെ മേല്പറഞ്ഞ 2019-ലെ സംവരണ ഉത്തരവുകൾ സർക്കാർ പിൻവലിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 7-ന് പട്ടികവർഗ്ഗത്തിനും പിന്നോക്കവിഭാഗത്തിനുമുള്ള സംവരണം ഒഴിവാക്കി പുതിയ തെരഞ്ഞെടുപ്പ് പ്രഖ്യാപനം പുറത്തിറക്കി. അതോടെ, പുതുശ്ശേരിയിലെ മുഴുവൻ എം. എൽ. എ-മാരും പ്രതിഷേധവുമായി രംഗത്തിറങ്ങി. പിന്നോക്കവിഭാഗത്തിന് സംവരണം നല്കാതെ തെരഞ്ഞെടുപ്പ് നടത്തരുതെന്ന് ആവശ്യപ്പെട്ട മുഴുവൻ എം. എൽ. എ-മാരും ഒപ്പിട്ട നിവേദനവുമായി അവർ ലഫ്റ്റനന്റ് ഗവർണ്ണറെ കണ്ടു. പ്രതിഷേധം പ്രകടിപ്പിച്ച് സി. പി. ഐ (എം) ഒഴികെയുള്ള മുഴുവൻ രാഷ്ട്രീയപാർട്ടികളും ഒരു ദിവസം ബന്ദ് നടത്തി. പ്രതിപക്ഷനേതാവും ചില എം. എൽ. എ-മാരും മദ്രാസ് ഹൈക്കോടതിയെ സമീപിച്ചു. മദ്രാസ് ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസിന്റെ ചുമതലയുള്ള ജഡ്ജ് തെരഞ്ഞെടുപ്പ് സ്റ്റേ ചെയ്തു.

സുപ്രീം കോടതിയുടെ കോടതി അലക്ഷ്യ ഉത്തരവുള്ള ഈ കേസിൽ ഹൈക്കോടതിക്ക് ഇടപെടാൻ അധികാരമില്ലെന്ന് പുതിയ ചീഫ് ജസ്റ്റിസ് പറഞ്ഞു. സുപ്രീം കോടതിയെ സമീപിക്കാൻ രണ്ടാഴ്ച സമയം അനുവദിക്കണമെന്ന് ഹരജിക്കാർ അപേക്ഷിച്ചു. ഈ അപേക്ഷ കോടതി സ്വീകരിച്ചതിനാൽ അവർ ഹരജി പിൻവലിച്ചു. മയ്യഴി മുനിസിപ്പാലിറ്റിയിലെ പ്രതിപക്ഷനേതാവായിരുന്ന വടക്കൻ ജനാർദ്ദനൻ മേല്പറഞ്ഞ കേസിൽ കക്ഷിചേർന്നിരുന്നു.

സുപ്രീം കോടതിയിൽ ഫയൽചെയ്ത റിട്ട് ഹരജിയിൽ സംവരണത്തെക്കുറിച്ചുള്ള വാദങ്ങൾ ഹരജിക്കാർ വീണ്ടും ഉന്നയിച്ചു. പക്ഷെ, ഈ വിഷയം മദ്രാസ് ഹൈക്കോടതിയിൽ ഉന്നയിക്കാനാണ് സുപ്രീം കോടതി നിർദ്ദേശിച്ചത്. സുപ്രീം കോടതിയിൽ പോകുന്നതിനുമുമ്പ് ജാതി സംവരണപ്രശ്നം പഠിച്ച് സർക്കാരിന് ആറ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് കെ. കെ. ശശിധരനെ ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. മദ്രാസ് ഹൈക്കോടതിയിൽ ജാതി സംവരണമില്ലാതെ തെരഞ്ഞെടുപ്പ് നടത്തരുതെന്നാണ് ഹരജിക്കാർ വാദിച്ചത്. ജാതിവിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷനെ നിയമിച്ച വസ്തുതയും അവർ ചൂണ്ടിക്കാട്ടി.

പ്രതിപക്ഷനേതാവും എം. എൽ. എ-മാരും മദ്രാസ് ഹൈക്കോടതിയിൽ നല്കിയ കേസിൽ ചീഫ് ജസ്റ്റീസിന്റെ ചുമതലയുള്ള ജഡ്ജ് നല്കിയ സ്റ്റേ ആ കേസ് പിൻവലിക്കുന്നതോടെ ഇല്ലാതാകും. തെരഞ്ഞെടുപ്പ് നടത്താതിരുന്നതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കോടതി അലക്ഷ്യക്കേസാണ് ഇപ്പോൾ തൽസ്ഥിതിയായി വരിക. അതിനാൽ തെരഞ്ഞെടുപ്പ് നടത്താൻ സമയം അനുവദിക്കാൻ സുപ്രീംകോടതിയിൽ അപേക്ഷ നല്കാൻ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനോട് ഹൈക്കോടതി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തൽസ്ഥിതി തുടരുവാൻ ഹൈക്കോടതി ഉത്തരവ് നല്കി.

ഈ വിഷയത്തിൽ രണ്ട് കാര്യങ്ങൾ എടുത്തു പറയേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കാതിരിക്കാൻ കാരണം പ്രതിപക്ഷനേതാവും എം. എൽ. എ-മാരും കോടതികളെ സമീപിച്ചതിനാലാണ്. തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള ന്യായങ്ങൾ ഉന്നയിച്ച് കീഴ്ക്കോട്ടിലെ

ജനാധിപത്യപ്രക്രിയയെ അട്ടിമറിക്കുക എന്ന ജനാധിപത്യവിരുദ്ധതയാണത്. വേണമെന്ന് ഇവർ വാശിപിടിച്ച് വാദിക്കുന്ന പിന്നോക്കജാതി സംവരണം കേരളം, തമിഴ്നാട്, കർണ്ണാടകം ഉൾപ്പെടെ മിക്കവാറും സംസ്ഥാനങ്ങളിൽ ഇല്ലാത്തതാണ്. ഭരണഘടനാപരമായ വ്യവസ്ഥയുമല്ല. രണ്ടാമത്തെ കാര്യം അതിനെക്കാൾ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് ആവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ അനുവദിക്കുന്നതിന്റെ വ്യവസ്ഥകളിലൊന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനാധിപത്യപരമായ നടത്തിപ്പാണ്. തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ ഇല്ല എന്നതിനാൽ ആ ഫണ്ട് നമ്മുക്ക് നഷ്ടപ്പെട്ടുകൊണ്ടേയിരുന്നു. ഏകദേശം അയ്യായിരം കോടി രൂപയോളം സംസ്ഥാനം ഇതിനകം നഷ്ടപ്പെടുത്തിക്കഴിഞ്ഞു.

ഇത് എഴുതുമ്പോൾ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട ഒരു ഘട്ടം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ജസ്റ്റിസ് കെ. കെ. ശശിധരൻ കമ്മീഷന്റെ റിപ്പോർട്ട് തയ്യാറായിരിക്കുന്നു. ആറ് മാസത്തിനകം സമർപ്പിക്കേണ്ട റിപ്പോർട്ട് വളരെ വൈകിയാണ് സമർപ്പിക്കപ്പെടുന്നത്. ആവശ്യമായ സ്റ്റാഫിനെ നല്കാതെയും മുനിസിപ്പാലിറ്റികളും മറ്റും വിവരശേഖരണത്തിൽ കാലതാമസം വരുത്തിയും കമ്മീഷന്റെ പ്രവർത്തനത്തെ ആകാവുന്ന വിധത്തിലെല്ലാം അവതാളത്തിലാക്കിയിരുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചാൽ തെരഞ്ഞെടുപ്പ് നടപടികളിലേക്ക് സർക്കാരിന് പോകേണ്ടിവരും. അതിന് നേതൃത്വം നല്കേണ്ടത് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനാണ്. ആ തസ്തിക 2023 ഡിസംബർ മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവ് നികത്തണമെന്ന് ആവശ്യപ്പെട്ട് 2024 തുടക്കത്തിൽ ഞാൻ സർക്കാരിന് നോട്ടീസ് അയച്ചിരുന്നു. നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നുവെന്നാണ് സർക്കാർ നല്കിയ മറുപടി. രണ്ട് വർഷമായിട്ടും പുരോഗമിച്ച് പൂർത്തിയായില്ല എന്ന വിശേഷം ഇക്കാര്യത്തിലുണ്ട്.

രണ്ട് കോടിയിലധികം രൂപ വക്കീൽ ഫീസായി സർക്കാരും തെരഞ്ഞെടുപ്പ് കമ്മീഷനും എം. എൽ. എ-മാരും ഈ കേസ് നടത്താനായി ചിലവഴിച്ചിട്ടുണ്ട്. അവർക്ക് വേണ്ടി കേസിന്റെ പല ഘട്ടങ്ങളിൽ കോടതികളിൽ ഹാജരായത് സോളിസിറ്റർ ജനറൽ തുഷാർ മേത്ത, അറ്റോർണി ജനറൽ വെങ്കട്ടരമണി, മുൻ അറ്റോർണി ജനറൽ മുകുൾ റോത്തഗി, സുപ്രീം കോടതിയിലെ

അഡീഷണൽ സോളിസിറ്റർ ജനറൽമാരായ മാധവി ദിവാൻ, സഞ്ജയ് ജെയിൻ, മനീന്ദർ സിംഗ്, മുൻ അഡ്വക്കറ്റ് ജനറൽ വിജ യനാരായണൻ, സീനിയർ അഭിഭാഷകരായ ബാലസുബ്രഹ്മണ്യം, ജെ. സുബ്രഹ്മണ്യം, എ. ആർ. എൽ. സുന്ദരേശൻ, ജോസഫ് അരിസ്റ്റോട്ടിൽ, രാജ്യസഭാ മെമ്പറും സീനിയർ അഭിഭാഷകനുമായ വിത്സൻ എന്നിവരാണ്. മുനിസിപ്പൽ തെരഞ്ഞെടുപ്പ് വിഷയത്തിൽ അഞ്ച് കേസ് മദ്രാസ് ഹൈക്കോടതിയിലും നാല് കേസുകൾ സുപ്രീം കോടതിയിലും ഞാൻ നടത്തിയിട്ടുണ്ട്. എനിക്കുവേണ്ടി ഹാജരായത് വി. ബാലാജി, രാകേഷ് കെ. ശർമ്മ, നേഹാ സിംഗ്, സി. കണ്ണൻ, കെ. മതി, കൃഷ്ണപ്രസാദ് എന്നിവരാണ്.

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്തിനാണ് മുനിസിപ്പൽ തെരഞ്ഞെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നത് എന്നത് കൗതുകകരമായ ചോദ്യമാണ്. ഇതിന് പിന്നിലെ കാര്യം അതി ലേറെ കൗതുകകരമാണ്. പുതുച്ചേരി മുൻസിപ്പാലിറ്റി പ്രദേശത്ത് മൊത്തം അഞ്ച് എം. എൽ. എ മാരും ഒഴുകര മുനിസിപ്പാലിറ്റി പ്രദേശത്ത് ആറ് എം. എൽ. എ.-മാരും ഉണ്ട്. ഈ മുനിസിപ്പാലിറ്റി കളിലെ ചെയർമാൻമാർ എത്ര ജനങ്ങളുടെ വോട്ട് നേടിയാണോ ഈ പദവിയിൽ എത്തുന്നത്, അതിന്റെ അഞ്ചിലൊന്നോ ആറിലൊ ന്നോ വോട്ടുമാത്രം നേടി നിയമസഭാംഗങ്ങളാകുന്നവരാണ് തങ്ങൾ എന്നത് ഒരു പക്ഷെ, ഈ എം എൽ എ മാർക്ക് അപകർഷം ഉണ്ടാ കുന്നുണ്ടാവാം. 2006-ൽ മയ്യഴി മുനിസിപ്പാലിറ്റിയുടെ കീഴിൽ രണ്ട് എം. എൽ. എ.-മാരുണ്ടായിരുന്നു. മയ്യഴിയിൽ പുതുച്ചേരിയിലെ ആഭ്യന്തരമന്ത്രിയായ ഇ. വത്സരാജും പള്ളൂരിൽ പുതുച്ചേരി ഡപ്യൂട്ടി സ്പീക്കറായ എ. വി. ശ്രീധരനും.

കേരളത്തിൽ സർക്കാർ പരിപാടി നടക്കുമ്പോൾ അത് ഏത് വാർഡിലാണോ നടക്കുന്നത്, ആ വാർഡിലെ മെമ്പറെ പരിപാ ടിയിൽ ഉൾപ്പടുത്തും. എന്നാൽ മയ്യഴിലെ പതിവ് ഒരു വാർഡിലും ഉൾപ്പെടുത്താതിരിക്കുകയെന്നതായിരുന്നു. തങ്ങളുടെ അധികാരം മുനിസിപ്പാലിറ്റികളുമായി പങ്കിടാൻ വിസമ്മതിച്ച് ഈ ജനപ്രതി നിധികൾ നടത്തിയ പ്രവർത്തനങ്ങൾ കാരണം സർക്കാരിന് അയ്യായിരം കോടി രൂപയുടെ കേന്ദ്രവിഹിതമാണ് നഷ്ടമായത്. കീഴ്ത്തട്ടിലെ ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ നിഷേധിക്കു വാനായി നമ്മുടെ ജനപ്രതിനിധികൾ നടത്തിയ 'മഹത്തായ സേവന'മാണ് ഇത്. ഇവിടെ മറക്കാൻ പാടില്ലാത്ത രണ്ട് ഇടപെട

ലുകളുണ്ട്. അതിൽ ആദ്യത്തേത് 1982-ൽ കെ. വി. രാഘവൻ മയ്യഴി എം. എൽ. എ. ആയി അസംബ്ലിയിലെത്തിയപ്പോൾ അദ്ദേഹം സഭയിൽ വളരെ പ്രാധാന്യത്തോടെ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് എന്ന വിഷയം ഉന്നയിച്ചതാണ്. പിന്നീട് ഈ വിഷയം അസംബ്ലിയിൽ ഉന്നയിക്കുന്നത് 2016-ൽ വീണ്ടും മയ്യഴിയിൽനിന്നുള്ള എം. എൽ. എ.-യാണ്, ഡോ. വി. രാമചന്ദ്രൻ!

പൊതുപ്രശ്നങ്ങൾക്കുവേണ്ടിയുള്ള നിയമപോരാട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി ഞാൻ കാണുന്നത്, മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ടി നടത്തിയ കേസുകളാണ്. അവ ഇന്നും അവസാനിച്ചിട്ടില്ല. കോടതി തന്ന ഉത്തരവ് പാലിക്കാത്ത സർക്കാരിനെതിരെ കോടതിയലക്ഷ്യക്കുറ്റത്തിനു കേസ് ഫയൽ ചെയ്യേണ്ടിവന്നു. തെരഞ്ഞെടുപ്പ് കമ്മീഷണറുടെ തസ്തിക 2023 ഡിസംബർ മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. തെരഞ്ഞെടുപ്പ് കമ്മീഷണറില്ലാതെ തെരഞ്ഞെടുപ്പ് നടക്കില്ലല്ലോ. അതിനാൽ കമ്മീഷണറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

മുനിസിപ്പൽ തെരഞ്ഞെടുപ്പ് മയ്യഴിയുടെ മാത്രം പ്രശ്നമായിരുന്നില്ല. പുതുച്ചേരിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗമായ വിഷയമാണ്. കോടതിവിധിയുടെ ഫലം പുതുച്ചേരിയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് ഗുണം ചെയ്തത്. ഈ കോടതി വ്യവഹാരത്തെക്കാൾ സമൂഹത്തിലെ നിരവധി വ്യക്തികൾ മൂന്നര പതിറ്റാണ്ടായി അനുഭവിച്ച ദുരിതത്തിന് അറുതി വരുത്തുവാൻ കാരണമായ മറ്റൊരു കേസ് എന്റെ ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ടതായി ഉണ്ട്. അത് മാഹി ബൈപ്പാസിനുവേണ്ടി ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട കേസാണ്.

മുഴപ്പിലങ്ങാട് നിന്ന് വടകരയിലേക്കു പോകുന്ന നാഷണൽ ഹൈവേ 17[2], തലശ്ശേരി, മാഹി ടൗൺ വഴിയല്ലാതെ കടന്നുപോകാനുള്ള ബൈപ്പാസ് റോഡിനുള്ള നടപടികൾ ആരംഭിക്കുന്നത് അരനൂറ്റാണ്ട് മുമ്പാണ്. റോഡ് ഏത് വഴി പോകണം എന്നതുമുതൽ ഭൂമിയുടെ സർവ്വേ വരെയുള്ള മുന്നൊരുക്കങ്ങൾ നടക്കണം. അതെല്ലാം പൂർത്തിയാക്കി 1977-ലാണ് മാഹി ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്ക

[2] ഈ പാത ഇപ്പോൾ എൻ. എച്ച് 66-ന്റെ ഭാഗമാണ്.

ല്യമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. മയ്യഴിയുടെ ഭാഗമായ പാറാൽ, പള്ളൂർ, ഈസ്റ്റ് പള്ളൂർ ഭാഗത്തുകൂടിയാണ് ബൈപ്പാസ് കടന്നുപോകുന്നത്. നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ ആദ്യം നടന്നത് മുഴപ്പിലങ്ങാട്, ധർമ്മടം ഭാഗങ്ങളിലായിരുന്നു. മയ്യഴിയുടെ ഭാഗമായ പ്രദേശങ്ങളിൽ 2010-വരെ ഏറ്റെടുക്കൽ നടപടികളൊന്നും നടന്നില്ല. ഹൈവേയ്ക്കു വേണ്ടി അക്വയർ ചെയ്യാനായി അടയാളപ്പെടുത്തിയ സ്ഥലം എന്ന നിലയിൽ ഭൂമി വില്ക്കാനോ, കെട്ടിടം പണിയാനോ വായ്പയെടുക്കുവാനായി പണയം വെക്കുവാനോ സാധിക്കാതെ ഇക്കാലമത്രയും ജനങ്ങൾ ദുരിതം അനുഭവിച്ചു.

കോടിയേരി വില്ലേജിലെ ഏറ്റെടുക്കേണ്ട സ്ഥലവുമായി ബന്ധപ്പെട്ട പ്രശ്നം കേരളത്തിലെ ആഭ്യന്തരമന്ത്രിയായിരുന്ന സ്ഥലം എം. എൽ. എ കോടിയേരി ബാലകൃഷ്ണൻ ഇടപെട്ട് ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് സ്ഥലമുടമകളുമായി കൂടിയാലോചിച്ച് വില നിശ്ചയിച്ച് പ്രശ്നം പരിഹരിച്ചിരുന്നു. അന്ന് ആ ഭാഗത്ത് നിലവിൽ ഉണ്ടായിരുന്ന ഭൂമിയുടെ വിലയെക്കാൾ ഉയർന്ന നിരക്കിൽ ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം ഭൂവുടമകൾക്ക് ലഭിച്ചു. മയ്യഴിയിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടക്കാത്തതിനാൽ ദുരിതം അനുഭവിക്കുന്നവരും കുടുംബാംഗങ്ങളും പലതവണ സമരരംഗത്തിറങ്ങി. ഇരുന്നൂറ്റി ഇരുപത് കുടുംബങ്ങളുടെ ഭൂമിയാണ് ഏറ്റെടുക്കൽ പ്രക്രിയയിൽ കുടുങ്ങിക്കിടന്നത്. ഇക്കാലമാവുമ്പോഴേക്കും ഈ ഭൂമിയുടെ അവകാശികളുടെ എണ്ണം രണ്ടായിരത്തോളം ആയിക്കഴിഞ്ഞിരുന്നു.

2011-ലാണ് ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ച് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചത്. ഭൂമിക്ക് സെന്റിന് ശരാശരി ഇരുപത്തയ്യായിരമാണ് സർക്കാർ നിശ്ചയിച്ച വില. അക്കാലത്ത് ലക്ഷങ്ങളായിരുന്നു ഈ പ്രദേശത്തെ സ്ഥലങ്ങൾക്ക് ഉണ്ടായിരുന്ന വില. കോടിയേരിയിലെ സ്ഥലത്തിന് സെന്റിന് ഒരു ലക്ഷത്തി നാല്പതിനായിരം രൂപ നല്കിയപ്പോഴാണ് മയ്യഴിയിലെ ഭൂമിക്ക് തുച്ഛമായ തുക നിശ്ചയിച്ചത്. നീതിപൂർവ്വമല്ലാത്ത വിലയിൽ പ്രതിഷേധിച്ച് ഭൂമിയുടെ ഉടമകളും അവകാശികളും ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ഊർജ്ജസ്വലനായ പൊതുപ്രവർത്തകനും മുൻ മുനിസിപ്പൽ കൗൺസിലറുമായിരുന്ന കണ്ണിപ്പൊയിൽ ബാബുവാണ് ഈ കമ്മിറ്റിക്ക് നേതൃത്വം നല്കിയത്. ശക്തമായ സമരമാണ്

ഈ കമ്മിറ്റി നടത്തിയത്. അതിന് സമാന്തരമായി പ്രശ്നപരിഹാര ത്തിനായി ബന്ധപ്പെട്ട അധികാരികളെ നിരന്തരം സമീപിക്കുകയും ചെയ്തിരുന്നു. അതൊന്നും പ്രശ്നപരിഹാരത്തിലേക്ക് എത്തുന്നില്ല എന്ന അവസ്ഥയിലാണ് വിഷയം കോടതി വഴി പരിഹരിക്കുന്നതി നെക്കുറിച്ച് ആലോചിക്കുന്നത്.

2013-ൽ ആദ്യത്തെ ഹരജി ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം എന്ന് ആവശ്യപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തു. മയ്യഴിക്കാരനായ ജസ്റ്റിസ് കെ. കെ. ശശിധ രനാണ് ഈ കേസിലെ വാദം കേട്ടത്. പ്രശ്നത്തിന്റെ ഗൗരവം നേരിട്ടറിയാവുന്ന ജഡ്ജ് മൂന്ന് മാസത്തിനകം ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കാൻ പുതുച്ചേരി കലക്ടർക്ക് നിർദ്ദേശം നല്കി. സമയപരിധിയായ മൂന്ന് മാസം കഴിഞ്ഞിട്ടും കോടതി വിധി അനുസരിച്ച് ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കാതി രുന്ന കലക്ടർക്കെതിരെ കോടതി അലക്ഷ്യത്തിന് നടപടിയുമായി മുന്നോട്ട് പോയപ്പോൾ അദ്ദേഹം കമ്മിറ്റി ഉണ്ടാക്കി.

ഭൂമിയുടെ വില നിശ്ചയിക്കുന്ന സംവിധാനം എന്ന നിലയിൽ ഡിസ്ട്രിക്ട് ലവൽ പർച്ചേസ് കമ്മിറ്റി, നാഷണൽ ഹൈവേയുടെ വ്യവസ്ഥകളില്ല എന്നതിനാൽ മദ്രാസ് ഹൈക്കോടതിയുടെ വിധിക്കെതിരെ, ഇതിനിടയിൽ നാഷണൽ ഹൈവേ അതോറിറ്റി മദ്രാസ് ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. ആ റിട്ട് അപ്പീൽ കോടതി തള്ളി. അഡീഷണൽ സോളിസിറ്റർ ജനറലും സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകനുമായ വിത്സനാണ് ഹൈവേ അതോറിറ്റിക്കുവേണ്ടി ഹാജരായത്. പർച്ചേസ് കമ്മിറ്റി മയ്യഴിലെത്തി ഭൂവുടമകളുമായി ചർച്ചചെയ്ത് ശരാശരി മൂന്നര ലക്ഷം രൂപ ഭൂമിയ്ക്ക് വില നല്കാമെന്ന് തീരുമാനിച്ചു. ഇതിനെതിരെയും ഹൈവേ അതോറിറ്റി തടസ്സവുമായി വന്നു. അവർ ഒരു ആർബിട്രേ റ്ററെ നിയമിച്ചു. ആർബിട്രേറ്ററുടെ ഉത്തരവ്, പക്ഷെ, ഭൂവുടമകൾക്ക് അനുകൂലമായിരുന്നു. ഇങ്ങനെ പ്രശ്നപരിഹാരത്തിന് തീരുമാനം ഉണ്ടായെങ്കിലും അതുമായി ബന്ധപ്പെട്ട ഒരു നടപടിക്കും ഹൈവേ അതോറിറ്റി തയ്യാറായില്ല.

2016-ൽ ഡോ. രാമചന്ദ്രൻ എം. എൽ. എ. ആയതോടെ ആദ്യപരിഗണന നല്കിയ വിഷയം ഹൈവേ ഭൂമി അക്വിസിഷൻ പ്രശ്നത്തിൽ ദുരിതം അനുഭവിക്കുന്നവരുടേതാണ്. പ്രശ്നം കേന്ദ്ര

സർക്കാരിനെ നേരിട്ട് സമീപിച്ച് പരിഹരിക്കാനാണ്. ശ്രമിച്ചത്. ഡോ. രാമചന്ദ്രൻ എം. എൽ. എയും പുതുച്ചേരിയിലെ ലോക്സഭ എം. പി. രാധാകൃഷ്ണനും ഞാനും ഉൾപ്പെട്ട മൂന്നംഗസംഘം ഉപരിതലഗതാഗതവകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയുമായി ഈ വിഷയത്തിൽ പ്രശ്നപരിഹാരത്തിനായി ചർച്ച നടത്തി. പ്രശ്നപ രിഹാരത്തിനായി തത്വത്തിൽ ധാരണയായെങ്കിലും ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നും നടപടികൾ വൈകി. ഞങ്ങൾ, ടി. കെ. ഗംഗാധരൻ, പൂവാച്ചേരി വിജയൻ, സത്യൻ കുനിയിൽ എന്നിവർ ഡോ. രാമചന്ദ്രൻ എം. എൽ. എയുടെ നേതൃത്വത്തിൽ വീണ്ടും നിതിൻ ഗഡ്കരിയെ കണ്ടു. ഇത്തവണ ഞങ്ങളുടെ കൂടെ പി. കെ. കൃഷ്ണദാസായിരുന്നു ഉണ്ടായിരുന്നത്. ഈ സന്ദർശന ത്തിൽ ഗഡ്കരി പുതുച്ചേരിയിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഹൈവേ അതോറിറ്റിയും സമരസമിതിയും യോഗം ചേർന്ന് അന്തിമതീരുമാനം എടുക്കാൻ നിർദ്ദേശം നല്കി. പുതുച്ചേരിയിലെ യോഗത്തിലാണ് സെന്റിന് ശരാശരി മൂന്ന് ലക്ഷത്തി അമ്പതിനാ യിരം രൂപ കൊടുക്കുവാനുള്ള തീരുമാനമായത്. ഇക്കാര്യത്തിൽ എടുത്തുപറയേണ്ട ഒരു കാര്യം നേരത്തെ നിശ്ചയിച്ചതിനെക്കാൾ എൺപത്തഞ്ച് കോടി രൂപയാണ് ഭൂവുടമകൾക്കെല്ലാമായി അധികം ലഭിച്ചത്.

എന്റെ കർമ്മമേഖലയുമായി ബന്ധപ്പെട്ടും പൊതുതാല്പര്യ ഹരജി നല്കിയിരുന്നു. വിഷയം കോടതിയുടെ പദവിയും അധി കാരങ്ങളുമാണ്. എന്നാൽ അത് പൊതജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. കോടതി വ്യവഹാരത്തിലൂടെയല്ലാതെ പരിഹരിക്കാൻ എളുപ്പമല്ലാത്ത കാര്യവുമാണ് അത്.

ഫ്രഞ്ച് ഭരണകാലത്ത് മയ്യഴിയിൽ കോടതി സ്ഥാപിച്ചിരു ന്നു. സ്വതന്ത്ര മയ്യഴിയിൽ ആ കോടതി തുടർന്നു. മുൻസീഫ് കം മജിസ്ട്രേറ്റ് കോടതിയായിരുന്നു അത്. അതിനെ 1982-ൽ സബ് കോടതിയായി ഉയർത്തി. ഒരു സബ് ജഡ്ജാണ് കോടതിയിൽ ഉണ്ടാവുക. ആ സബ് ജഡ്ജ് ഏഴ് ജുഡീഷ്യൽ അധികാരങ്ങൾ കൈകാര്യം ചെയ്യണമായിരുന്നു. മജിസ്ട്രേറ്റ്, മുൻസിഫ്, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ, ലേബർ കോർട്ട്, ജുവനൈൽ കോർട്ട്, റെന്റ് കൺട്രോളർ എന്നിവയ്ക്കു പുറമെയാണ് സബ് ജഡ്ജ് എന്ന അധികാരവും. ജഡ്ജ് അവധിയിൽ പോകുമ്പോൾ പ്രതികളെ റിമാന്റ് ചെയ്യാനുള്ള അധികാരം മയ്യഴിയിലെ സബ്

ഡിവിഷണൽ മജിസ്ട്രേറ്റ് എന്ന നിലയിൽ അഡ്മിനിസ്ട്രേറ്റർക്കാണ് നല്കുക. അഡ്മിനിസ്ട്രേറ്ററും അവധിയിൽ പോകുന്നുവെങ്കിൽ മയ്യഴിയിലെ മുനിസിപ്പൽ കമ്മീഷണർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഡയറക്ടർ ഓഫ് ഹെൽത്ത്, ചീഫ് എജ്യൂക്കേഷൻ ഓഫീസർ എന്ന ക്രമത്തിലാണ് ഈ അധികാരം ചുമതലപ്പെടുത്തുക. ഈ ഉദ്യോഗസ്ഥർക്ക് ആർക്കും ജാമ്യം നല്കാനുള്ള അധികാരമില്ല. മദ്രാസ് ഹൈക്കോടതി ഒരു പ്രതിക്ക് ജാമ്യം നല്കിയാൽ മേല്പറഞ്ഞ ഉദ്യോഗസ്ഥർക്ക് ജാമ്യം നല്കാനുള്ള അധികാരമില്ല എന്നതിനാൽ ജഡ്ജ് തിരികെ വരുന്നതുവരെ ദിവസങ്ങളോളം തടവിൽ കഴിയേണ്ടിവരും. ഒരു മുൻസിഫ് കോടതികൂടി മയ്യഴിയിലുണ്ടെങ്കിൽ ഈ പ്രശ്നം ഉണ്ടാകില്ല. അതിനാൽ ഈ വിഷയം ഹൈക്കോടതിയിൽ പൊതുതാല്പര്യഹരജിയായി ഞാൻ ഫയൽ ചെയ്തു. അതിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2015-ൽ മയ്യഴിയിൽ ഒരു മുൻസിഫ് കം മജിസ്ട്രേറ്റ് കോടതി കൂടി സ്ഥാപിക്കപ്പെട്ടു.

ഒരു പുതിയ കോടതിയും ജഡ്ജും മയ്യഴിയിലുണ്ടായി എന്നതല്ല ഈ കേസിലെ കാര്യം. നിലവിലുള്ള സബ് ജഡ്ജിന് അസിസ്റ്റന്റ് സെഷൻസ് കോടതിയുടെ അധികാരം ഇതിന്റെ ഫലമായി ലഭിക്കുന്നുണ്ട്. പോണ്ടിച്ചേരിയിലെ സെഷൻസ് കോടതിയിൽ പതിനഞ്ചും ഇരുപതും കൊല്ലങ്ങളായി കെട്ടിക്കിടക്കുന്ന മയ്യഴിക്കാരുടെ സെഷൻസ് കേസുകൾ മയ്യഴി കോടതിക്ക് കൈകാര്യം ചെയ്യാനായി എന്നതാണ് ഇതിന്റെ പ്രാധാന്യം. കേസ് നടത്താൻ പോണ്ടിച്ചേരിയിൽ പോകാനുള്ള ചെലവും പ്രയാസവും ഭാഷ അറിയാത്ത സ്ഥലം എന്നെല്ലാമുള്ള പ്രശ്നങ്ങളിൽനിന്ന് മയ്യഴിക്കാർ ഇതിലൂടെ മോചിതരായി. സിവിൽ കേസുകളിൽ അപ്പീൽ മയ്യഴി കോടതിക്ക് കൈകാര്യം ചെയ്യാനാകും എന്നതിനാൽ നേരത്തെ ചെയ്തിരുന്നതുപോലെ പോണ്ടിച്ചേരിയിൽ പോകേണ്ടതില്ല.

മറ്റൊരു പൊതുതാല്പര്യ ഹരജിയിലൂടെ മയ്യഴിയിലെ കോടതിക്ക് കൈകാര്യം ചെയ്യാനാകുന്ന കേസിൽ ഉൾപ്പെട്ട തുകയുടെ മൂല്യം അഞ്ച് ലക്ഷം രൂപ ആയിരുന്നത് ഇല്ലാതാക്കി. ഇപ്പോൾ എത്ര കോടി മൂല്യമുള്ള തുകയുടെ കേസും കൈകാര്യം ചെയ്യാനാകും. പുതുച്ചേരിയിലെ കൺസ്യൂമർ കോടതിയുടെ സിറ്റിംഗ് രണ്ട് മാസത്തിലൊരിക്കൽ മയ്യഴിയിൽ നടത്താൻ വേറൊരു പൊതുതാല്പര്യഹരജിയിലൂടെ സാധിച്ചു. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, മയ്യഴിയിലെ മജിസ്ട്രേറ്റ് ലോക്കപ്പ്, ജയിൽ എന്നിവ സന്ദർ

ശിക്കേണ്ട അവസരത്തിൽ പോലീസിന്റെ വാഹനത്തെയാണ് ആശ്രയിച്ചിരുന്നത് എന്ന കാര്യമാണ്. പോലീസിന് മജിസ്ട്രേറ്റിന്റെ മേൽ സ്വാധീനം ചെലുത്തുവാൻ ഇത് വഴിയൊരുക്കും. സ്വന്തമായി ഔദ്യോഗികവാഹനം ഉണ്ടാവുക എന്നതാണ് ഇതിനുള്ള പോംവഴി. മദ്രാസ് ഹൈക്കോടതിയിൽ നല്കിയ പൊതുതാല്പര്യഹരജിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ആദ്യമായി മജിസ്ട്രേറ്റിന് സർക്കാർ കാർ അനുവദിച്ചു. ജില്ലാകോടതിയിൽ നടത്തേണ്ട കേസുകൾക്ക് അറുന്നൂറ്റിനാല്പത് കിലോമീറ്റർ അകലെയുള്ള പുതുശ്ശേരിയിൽ പോകേണ്ട അവസ്ഥയാണ് മയ്യഴിക്കാർക്കുള്ളത്. മറ്റൊരു പൊതു താല്പര്യഹരജിയുടെ അടിസ്ഥാനത്തിൽ മാഹിയിൽ ഒരു സ്ഥിരം ജില്ലാ കോടതി തുടങ്ങുന്നത് പരിഗണിക്കുവാൻ വേണ്ടി ഉത്തരവിട്ടി ട്ടുണ്ട്.

പുതുച്ചേരിയിലെ പ്രൊഫഷണൽ കോളേജുകളിൽ മയ്യഴിയിലെ വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ഉണ്ടായിരുന്നു. അതി നെതിരെ പോണ്ടിച്ചേരിയിലെ ഒരുകൂട്ടം രക്ഷിതാക്കൾ മദ്രാസ് ഹൈക്കോടതിയിൽ കേസ് കൊടുത്തിരുന്നു, സങ്കുചിതമായ പ്രാദേശികമനോഭാവമാണ് ഇതിനുപിന്നിൽ. ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് കോടതിയെയാണ് ആശ്രയിച്ചത്. മയ്യഴിയിലെ വിദ്യാർത്ഥികളുടെ ക്വോട്ട നിലനിർത്തിയത് മദ്രാസ് ഹൈക്കോട തിയുടെ ഉത്തരവിലൂടെയാണ്.

സമൂഹത്തിൽ സ്ത്രീകളുടെ പദവിയെക്കുറിച്ച് ബോധവാന്മാരാണ് നമ്മൾ എന്നത് ഒരു വശത്ത് നിലനില്ക്കെ സ്ത്രീകൾക്കെതിരെ പലതരം നീതിനിഷേധം സമൂഹത്തിലും സ്ഥാപനങ്ങളിലും വീടിന കത്തുപോലും നിരന്തരം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിൽനിന്ന് സംരക്ഷണം തേടാൻ സമീപിക്കേണ്ടത് പോലീസിനെയാണ്. വനിതാ പോലീസ് ഉണ്ടെങ്കിലും പുരുഷന്മാരുടെ സാന്നിദ്ധ്യത്തിൽ പരാതിയുമായി ചെല്ലാൻ പൊതുവേ സ്ത്രീകൾ മടിക്കും. ഈ പ്രശ്ന ത്തിന് പരിഹാരം സ്ത്രീമാത്ര പോലീസ് സ്റ്റേഷനാണ്. മയ്യഴിയിൽ ഓൾ വിമെൻ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാല്പര്യഹരജിയിൽ സർക്കാരിനോട് നടപടി കൈക്കൊള്ളാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. അതുപോലെ, ലീഗൽ ഹേയർ സർട്ടിഫിക്കറ്റ് നേരത്തെ കോടതി മുഖാന്തിരമാണ് ലഭിച്ചിരുന്നത്. ഇത് കാലതാമസവും പണച്ചെലവും ഉണ്ടാക്കും എന്നതിനാൽ ഈ അധികാരം മയ്യഴിയിലെ ഡെപ്യൂട്ടി താസിൽ

ദാർക്ക് നല്കണമെന്ന് ആവശ്യപ്പെട്ട് ഹരജി സമർപ്പിച്ചിരുന്നു. ന്യായമായ ആവശ്യം എന്ന നിലയിൽ കേസിന്റെ നടപടികളിലേക്കു പോകുന്നതിനു മുമ്പെ സർക്കാർ ഈ അധികാരം ഡെപ്യൂട്ടി താസിൽദാർക്ക് നല്കി.

ജനാധിപത്യവ്യവസ്ഥയിൽ പൗരസമൂഹത്തിന്റെ അവകാശങ്ങളും അധികാരവും പരിഗണനകളും സംരക്ഷിക്കുവാൻ കോടതികൾ നിർവ്വഹിക്കുന്ന സേവനം വളരെ വലുതാണ്. ഈ ദിശയിലുള്ള പ്രവർത്തനങ്ങളിൽ ജനങ്ങളോടൊപ്പം നില്ക്കാനായി കണ്ണൂർ കേന്ദ്രമായി പീപ്പിൾസ് ലോ ഫൗണ്ടേഷൻ എന്ന പേരിൽ ഒരു സംഘടന പ്രവർത്തിക്കുന്നുണ്ട്. അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. അതിനു പുറമെ വ്യത്യസ്തങ്ങളായ സംഘടനകളിലെ പ്രവർത്തനം നിരവധി പൊതുപ്രശ്നങ്ങളിൽ ഇടപെടാൻ അവസരം കിട്ടുന്നുവെന്നത് സന്തോഷവും അഭിമാനവും നല്കുന്നു.